©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 12<br>12th January 2021<br>1196 ധനു 28<br>28th Dhanu 1196<br>1942 പൌഷം 22<br>22nd Pousha 1942 | നമ്പർ<br>No. | 2 |

## PART III

# Commissionerate of Land Revenue

## Pathanapuram Taluk

പരസ്യം

(1)

നമ്പർ എൻ2-5608/2020. 2020 ഒക്ടോബർ 9.

പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നടുക്കുന്ന് എന്ന സ്ഥലത്ത് വിളയിൽ വീട്ടിൽ ഹുമയൂൺ മജീദ് 23-9-2019-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. എസ്. ബി. ഐ. പത്തനാപുരം, പിടവൂർ കാനറാ ബാങ്ക് എന്നിവിടങ്ങളിൽ ഹാജരാക്കുന്നതിനും വസ്തു സംബന്ധമായ ആവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും വേണ്ടി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ റീജ, എൽ. എസ്. സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | മരണപ്പെട്ട കക്ഷിയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | റീജ, എൽ. എസ്. | ഭാര്യ | 39 |
| 2 | അബ്ദുൾ മനാഫ് | മകൻ | 19 |
| 3 | എച്ച്. അബ്ദുൾ മാലിക് | ,, | 11 |
| 4 | ഹാമിൻ ഫാത്തിമ ഹുമയൂൺ | മകൾ | 11 മാസം |
| 5 | ആബിദാ ബീഗം | മാതാവ് | 69 |

പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല. ക്രമനമ്പർ 3-ഉം 4-ഉം കക്ഷികൾ മൈനറുകളും 1-ാം കക്ഷിയുടെ സംരക്ഷണയിലുമാണ്. ആയതിനാൽ ക്രമനമ്പർ 1 മുതൽ 5 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും, തപാൽമാർഗ്ഗവും ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എൻ2-7812/2020. 2021 ജനുവരി 5.

പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ വന്മള എന്ന സ്ഥലത്ത് പുത്തൻപുരയിൽ വീട്ടിൽ പി. വി. കുട്ടപ്പൻ 10-12-2020-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതൻ പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റിൽ സെക്യൂരിറ്റി ഇനത്തിൽ നൽകിയിട്ടുള്ള തുകകളും ബാങ്ക് ഡെപ്പോസിറ്റുകളും വാഹന രജിസ്ട്രേഷനും തന്റെ പേരിലേക്ക് മാറ്റുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ശാന്തമ്മ, കെ. സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | മരണപ്പെട്ട കക്ഷിയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശാന്തമ്മ കുട്ടപ്പൻ | ഭാര്യ | 69 |
| 2 | സിജി കെ. വർഗ്ഗീസ് | മകൾ | 35 |
| 3 | സിജോ കെ. വർഗ്ഗീസ് | മകൻ | 33 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ ക്രമനമ്പർ 1 മുതൽ 3 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും, തപാൽ മാർഗ്ഗവും ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പത്തനാപുരം. തഹശീൽദാർ.

## Punalur Taluk

പരസ്യം

(1)

നമ്പർ ജി2-6818/2020. 2020 നവംബർ 30.

പുനലൂർ താലൂക്കിൽ പുനലൂർ വില്ലേജിൽ അനിൽ ഭവനിൽ കെ. രാജൻപിള്ള 1-8-2020-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ പേരിലുള്ള സാമ്പത്തിക ഇടപാടുകൾക്കും, ബാങ്ക് ഇടപാടുകൾക്കും KL25L5416 നമ്പർ കാറിന്റെ രജിസ്ട്രേഷൻ മാറ്റുന്നതിനും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ മണിയമ്മ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്നറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മണിയമ്മ | ഭാര്യ | 55 |
| 2 | അനിൽകുമാർ | മകൻ | 32 |
| 3 | വിനീഷ്, ആർ. | ,, | 29 |
| 4 | ദേവകി അമ്മ | മാതാവ് | 85 |

സാമ്പത്തിക ഇടപാടുകളിലും മറ്റും 4-ാം കക്ഷിക്കുള്ള അവകാശം 1 മുതൽ 3 വരെ കക്ഷികൾക്ക് ഒഴിഞ്ഞ് നൽകി മൊഴി നൽകിയിട്ടുള്ളതാണ്. ആയതിനാൽ 1 മുതൽ 4 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ജി2-4545/2020. 2020 നവംബർ 20.

പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ കല്ലുവെട്ടാംകുഴി ഷെഹന മൻസിലിൽ ഷിഹാബുദ്ദീൻ 9-7-2020-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ വസ്തു സംബന്ധമായ ആവശ്യത്തിനും കോടതി ആവശ്യത്തിനും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ സുൽഫത്ത് സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്നറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുൽഫത്ത് | ഭാര്യ | 55 |
| 2 | ഷെഹന | മകൾ | 26 |
| 3 | ഷെഫ്നാസ്, എസ്. | മകൻ | 24 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ 1 മുതൽ 3 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ ജി2-7904/2020. 2020 ഡിസംബർ 29.

പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിൽ തഴമേൽ ശ്രീവിഹാറിൽ ശ്രീനാഥ്, സി. എസ്. 29-10-2020-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതൻ കേരള ബാർ കൗൺസിൽ അംഗമായിരുന്നതിനാൽ ടി ക്ഷേമനിധിയിൽനിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ പിതാവ് ചന്ദ്രമോഹനൻപിള്ള സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്നറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | നിരഞ്ജന ശ്രീനാഥ് | മകൾ | 15 |
| 2 | നൃപേഷ് നാഥ്, എസ്. | മകൻ | 7 |
| 3 | സുശീല | മാതാവ് | 64 |

പരേതന്റെ ഭാര്യ മുമ്പിനാലെ മരണപ്പെട്ടുപോയിട്ടുള്ളതാണ്. ഒന്നും രണ്ടും കക്ഷികൾ മൈനറുകളും മൂന്നാം കക്ഷിയുടെ സംരക്ഷണയിലാണ്. ആയതിനാൽ ഒന്നു മുതൽ മൂന്ന് വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പുനലൂർ. തഹശീൽദാർ.

---

# PATHANAMTHITTA DISTRICT

## Kozhencherry Taluk

പരസ്യം

(1)

നമ്പർ എ5-6304/2020. 2020 സെപ്റ്റംബർ 25.

കോഴഞ്ചേരി താലൂക്കിൽ ആറന്മുള വില്ലേജിൽ ഇടശ്ശേരിമല മുറിയിൽ ശ്രീലക്ഷ്മി വീട്ടിൽ കെ. ബി. വാസന്തിയമ്മ 6-5-2020-ന് മരണപ്പെട്ടതിനാൽ വിവിധ ആവശ്യങ്ങൾക്കായി പരേതയുടെ പേരിലുള്ള ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി പരേതയുടെ ഭർത്താവ് കെ. ഗോപാലകൃഷ്ണപിള്ള സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആറന്മുള വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരേതയുടെ അവകാശികൾ താഴെപ്പറയുന്നവരാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | കെ. ഗോപാലകൃഷ്ണപിള്ള | ഭർത്താവ് | 74 |
| 2 | ആശ രജികുമാർ | മകൾ | 42 |
| 3 | അഭിലാഷ്, ജി. | മകൻ | 38 |

പരേതയ്ക്ക മറ്റ് അവകാശികൾ ആരും തന്നെയില്ല എന്ന് അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്. ആകയാൽ മേൽപറഞ്ഞവർ മാത്രമാണ് പരേതയുടെ അവകാശികൾ എന്നുള്ളതിന് ഒരവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ കോഴഞ്ചേരി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.